കേരള സർക്കാർ

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.11)1876/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 03.10.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.ഇ.കെ.എം(പി.11)1876/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളംസിവിൽസ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 03.10.2017

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.
(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

. എറണാകുളംജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.10.2016 മുതൽ 30.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.07.2017മുതൽ 12.07.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | പോളി ടി.ഒ<br>ഓഡിറ്റ് ഓഫീസർ |
| | ബെന്നി സെബാസ്റ്റ്യൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ആർ.രാജേഷ് | 1.4.2016മുതൽ31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ടി.എൻ മോഹൻകുമാർ | 1.4.2016മുതൽ31.1.2017വരെ |
| | സി.വി. ബിനുകുമാർ(അസ്സി. സെ. ഇൻ ചാർജ്ജ്) | 1.2.2017– 9.2.2017 |
| | കെ കെ പ്രശാന്ത് | 10.2.17 – 31.3.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി. മിനിമോൾ | 1.4.2016 – 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. എം അബ്ദുൾ ജലീൽ | 01.04.2016മുതൽ 27.8.2016വരെ |
| | കെ .കെ ജയചന്ദ്രൻ | 28.8.2016 – 30.12.2016 |
| | സി . വി സുനിൽകുമാർ | 31.12.2016 – 31.3.2017 |

| | | |
|---|---|---|
| വി.ഇ.ഒ. (ദേശം) | മനോജ് കുമാർ.എം | 1.04.2016 മുതൽ31.03.2017വരെ |
| വി.ഇ.ഒ. (ചെങ്ങമനാട്) | സാബിക് ടി.എസ് | 1.04.2016 മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | സുധകുമാരി എ.എസ് | 1.04.2016 മുതൽ31.03.2017വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ലൈസ. പി.ആർ | 01.04.2016മുതൽ 10.7.2016വരെ |
| | ജിഷ മാത്യു | 11.7.2016 – 3.10.2016 |
| | മനീഷ പി . എ | 4.10.2016 – 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ. ജെറിൻ ഫ്രാൻസിസ് | 1.04.2016 മുതൽ31.03.2017വരെ |
| മെഡിക്കൽഓഫീസർ (CHC) | ഡോ. പി.ടി.എലിസബത്ത് | 01.04.2016മുതൽ25.7.16വരെ |
| | ഡോ. സൂസൻ ജോസഫ് | 26.7.2016 – 15.8.2016 |
| | ഡോ. എലിസബത്ത് | 16.8.2016 – 14.11.2016<br>6.12.2016 – 31.3.2017 |
| | ഡോ.പ്രസലിൻ | 15.11.2016 – 5.12.2017 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. എസ്.സുനിത കുമാരി | 01.04.2016മുതൽ 31.03.2017വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ഉമ്മു ഹബീബ | 01.04.2016 മുതൽ 6.6.2016വരെ |
| | സജീവ് കുമാർ. സി.ആർ | 07.6.2016 മുതൽ 31.03.2017വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, നെടുമ്പാശ്ശേരി | ഡോ. ലതാ. എ.ജി. | 01.04.2016മുതൽ31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | ഓഡിറ്റ് ഇംപാക്ട്-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഈടാക്കി | 1-12 |
| ഭാഗം - 2 | | |
| 13 | പെർമിറ്റ് ഫീസ് ഈടാക്കിയത് അപാകത | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | ആഡംബര ഭവനങ്ങൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ ഒക്കുപൻസി നൽകി | 2-3 |
| ഭാഗം - 3 | | |
| 16 | ബഡ്സ് സ്കൂൾ നിർമാണം - അപാകതകൾ | 3-1 |
| 17 | മുട്ടക്കോഴി വിതരണം വാറ്റ് അപാകതകൾ | 3-2 |
| 18 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - ടെണ്ടർ നടപടി സംബന്ധിച്ച്. | 3-3 |
| 19 | വെള്ളക്കരം ക്രമാതീതമായ ചെലവ് | 3-4 |
| 20 | അംഗീകൃത ഗുണഭോക്തൃ പട്ടികകളിൽ നിന്നുള്ളവർ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാത്തത് സംബന്ധിച്ച് | 3-5 |
| 21 | വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ-അപാകത | 3-6 |
| 22 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-7 |
| ഭാഗം – 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2016-17) | അനുബന്ധം1 |
| 33 | ബാലൻസ് ഷീറ്റ് (2016-17) | അനുബന്ധം2 |
| 34 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2016-17) | അനുബന്ധം3 |
| 35 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2016-17) | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 21.2.2016 ലെ അജണ്ട 6 തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവു കളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,95,72,949 | 10,29,70,008 |
| വാർഷിക കണ ക്കുകൾ പ്രകാരം(വരവു ചെലവു പത്രിക പ്രകാരം) | 42593487 | 3,85,53,602 |

EFMS മുഖേനയുള്ള 4.57 കോടി രൂപയുടെ വിവരങ്ങൾ വരവു ചെലവു പത്രിക പ്രകാരമുള്ള കണക്കുകളിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടുന്ന കണക്കുകൾ നോക്കിയാലും. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 24.6.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകളിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*(ഓഡിറ്റ് സർട്ടിഫിക്കറ്റിൽ* ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,84,10,120.00 |
| വരവ് | 4,25,93,487.00 |
| ആകെ | 6,10,03,607.00 |
| ചെലവ് | 3,85,53,602.00 |
| നീക്കിയിരിപ്പ് | 2,24,50,005.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന വസ്തു നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 3108005 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതികൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് * | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40b പ്രകാരം) |
|---|---|---|---|---|---|
| പൊതുവി ഭാഗം | 0 | 6460467 | 6460467 | 6460467 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.സി. പി. | 0 | 2568301 | 2568301 | 2568301 | 0 |
| ടി.എസ്. പി. | 0 | | | | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 4446645 | 4446645 | 4446645 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 1062839 | 1062839 | 1062839 | 0 |
| 13-ാംധന കാര്യകമ്മീ ഷൻ ഗ്രാന്റ് | 0 | 2325495 | 6857591 | 6857591 | 0 |
| പെർഫോമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 0 | 268398 | 268398 | 268398 | 0 |
| എം.എൻ. ആർ. ഇ. ജി.എസ്. | 5483 | 12317659 | 12323142 | 12322144 | 998 |
| ബി ഫണ്ട് | 0 | 33517600 | 33517600 | 33517600 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നട പ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീക രിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 151 | 53784164 | 71 | 22037260 | 35 | 45 | 40.97 |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.25 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശത മാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8595702 | 10199548 | 1603846 | (+)18.66 |
| നികുതിയേതര വരവുകൾ | 2975318 | 1426979 | 1548339 | (-)52.04 |
| മറ്റുവരവുകൾ | 122322 | 241061 | 118739 | (+)97.07 |
| ആകെ | 1,69,93,342 | 11867588 | 3270924 | (-)19.25 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67080 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 3893070 | 459 |
| വിധവാപെൻഷൻ | 10443430 | 1089 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 16031705 | 1684 |
| 50 വയസ്സിനുകളിലുള്ളവർക്കുള്ള ധനസഹായം | 332640 | 40 |
| ശാരീരികവും മാന സികവുമായി വെല്ലുവിളി നേരിട്ടു ന്നവർക്കുള്ള പെൻഷൻ | 2634675 | 292 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 9 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.7.2017 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15708/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.രജിസ്റ്ററുകളുടെസൂക്ഷിപ്പ്.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
2. ബിൽ രജിസ്റ്റർ, വൗച്ചറുകൾ എന്നിവ കൃത്യമായും, ഭംഗിയായും സൂക്ഷിക്കുന്നുണ്ട്.
3. മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് ഫോം പഴയ രീതിയിലുള്ളതാണ്. പരിഷ്കരിച്ച എഗ്രിമെന്റ് ഫോം ഉപയോഗിക്കേണ്ടതാണ്.
4. രസീത് ബുക്കുകളുടെ രജിസ്റ്ററും ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
5. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്
6. . ഇൻക്യുബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.6.2017 | 5/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.1.2017 മുതൽ 6.2.2017 വരെ | 2011-12 മുതൽ 2015-16 വരെ | 31.3.2017 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഈടാക്കി.

1. പെർമിറ്റ് നം. 143/07-08 തിയതി 3/1/2008 പ്രകാരം 43 വില്ലകൾ പണിയുന്നതിന് (19,739.51m2) ട്രിനിറ്റി ബിൽഡേഴ്സ് & ഡെവലപ്പേഴ്സിന് റെസിഡൻഷ്യൽ പെർമിറ്റ് നൽകിയിട്ടുണ്ട്. മേൽപറഞ്ഞ വില്ലകൾ കൂടാതെ ഓഫീസ് ആവശ്യത്തിനായി 244m2 കെട്ടിടം 141/A29 നമ്പർ പ്രകാരവും 73.47m2 കെട്ടിടം 141/A28 നമ്പർ പ്രകാരവും ഒക്കുപൻസി നല്കിയിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനായി പണിത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിരുന്നില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 141/A29 നമ്പർ കെട്ടിടത്തിന് 3,660/- രൂപയും 141/A28 നമ്പർ

കെട്ടിടത്തിന് 1110/- രൂപയും റഗുലറൈസേഷൻ ഫീസ് ഓഡിറ്റ് സമയത്ത് അടച്ച് രസീത് ഹാജരാക്കിയിട്ടുണ്ട്.

2. ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(എൻക്വയറി നം.1തീയതി 5/7/2017) അടിസ്ഥാനത്തിൽ കുറവായി ഈടാക്കിയ 150/-രൂപ രശീതി നം.1170101001512 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

3. സ്വകാര്യ ആശുപത്രി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(എൻക്വയറി നം.2തീയതി 5/7/2017) അടിസ്ഥാനത്തിൽ സ്ഥാപനം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്തതിന്റെ പിഴയായി 5000/- രൂപ രശീതി നം.117010101554 തീയ്യതിയായി 6/7/2017പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീസ് ഈടാക്കിയത് അപാകത

| | |
|---|---|
| പെർമിറ്റ് നം | 24/15-16 dtd 27-7-16(Residential) |
| പേര് | ജയചന്ദ്രൻ, Dev Gardens |
| സർവേ നം. - | 361/19 |
| സ്ഥല വിസ്തീർണ്ണം | 550 m2 |

1. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 1,456.22 m2 ആണ്. എന്നാൽ ആകെ 1,482.08 m2 കെട്ടിടം പണിയുന്നതിന് പെർമിറ്റ് നൽകിയുട്ടുണ്ട്.

2. Fire safety approval പ്രകാരമുള്ള പ്ലാൻ അനുസരിച്ച് കെട്ടിടത്തിന്റെ ആകെ ഫ്ലോർ ഏരിയ 1,222 m2 ആണ്. എന്നാൽ പഞ്ചായത്തിൽ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ ഫ്ലോർ ഏരിയ 1,174.48 m2 ആണ്. ഇപ്രകാരം അധിക FAR ഈടാക്കിയത് 1,05,990/-(211.98 m2 x 500/m2) (രസീത് നം.11601500064 / 27-7-16). എന്നാൽ Fire safety approval പ്രകാരമുള്ള പ്ലാനിൽ പ്രകാരം അധിക FAR ഈടാക്കേണ്ടത് 259.5 m2 x 500/m2 =1,29,750/- രൂപയാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ Fire safety approval പ്രകാരമുള്ള പ്ലാനിൽ അപാകത ഉണ്ടെന്നാണ് പറയുന്നത്. Fire safety approval പ്രകാരമുള്ള പ്ലാനും പഞ്ചായത്തിൽ സമർപ്പിച്ച പ്ലാനും തമ്മിൽ വ്യത്യാസം വരാനുള്ള കാരണം അന്വേഷിക്കേണ്ടതാണ്. വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ 2016-17 ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1). അപൂർണ്ണമായ റിട്ടേണുകളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി

സംസ്ഥാന വിത്തുൽപ്പാദക സഹകരണ കേന്ദ്രം ആലുവ,ചെങ്ങമനാട് സ്ഥാപനത്തിലെ 14 ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഇനത്തിൽ 14600/-രൂപയും, രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഇനത്തിൽ 16350/- രൂപയും ഈടാക്കിയിരിക്കുന്നത്

അപൂർണ്ണമായ റിട്ടേണുകളുടെ അടിസ്ഥാനത്തിലാണ്. ജീവനക്കാരുടെ ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്രയെന്നോ, ആറു മാസത്തെ ആകെ വരുമാനം എത്രയെന്നോ ഒന്നും റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല.1250/-രൂപയിൽ കുറവ് തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ എന്തു മാനദണ്ഡമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

2). സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

a. BSNL ചെങ്ങമനാട്

b. Dinamic Techno Medicals Pvt Ltd, മെറ്റൽ ക്രഷർ യൂണിറ്റ് (vi-302 തോമസ് പോൾ, പയ്യപ്പിള്ളി (h),കരിയാട്

## 2-3 ആഡംബര ഭവനങ്ങൾക്കു വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ ഒക്കുപൻസി നല്കി

വാർഡ് /വീട് നം. xv/ 141 A-1 മുതൽ xv/ 141 A-14 വരെ 507.5 $m^2$ വീതം വിസ്തീർണ്ണമുള്ള 14 വീടുകൾക്കും വാർഡ് /വീട് നം. xv/ 141 A-15 മുതൽ xv/ 141 A-44 വരെ 435.89 $m^2$ വീതം വിസ്തീർണ്ണമുള്ള 29വീടുകൾക്കും ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയത്. സർക്കാർ ഉത്തരവ് പ്രകാരം 400m2 മുതൽ 450 m2 വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഓരോ വർഷവും 7,000/- രൂപയും 450 m2 കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് 7,000/- രൂപ കൂടാതെ ഓരോ 50 m2 നും 1,000/- രൂപയും ആഡംബരനികുതിയായി വില്ലേജ് ഓഫീസിൽ വീട്ടുടമ അടക്കേണ്ടതാണ്.വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയത് കാരണം നികുതിയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക ലഭിച്ചിരുന്നോ എന്ന് മനസിലാക്കുവാൻ സാധിക്കുകയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അടിയന്തിരമായി ഹാജരാക്കുന്നതിന് കത്ത് നല്കിയെന്നും കത്തിന്റെ പകർപ്പ് വില്ലേജ് ഓഫീസർക്ക് അയച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബഡ്സ് സ്കൂൾ നിർമാണം - അപാകതകൾ

| | |
|---|---|
| കരാറുക്കാരൻ | എം. ഡി അബ്രാഹം |
| എം ബുക്ക് | 33/16-17 |
| പൊജക്ട് നം | 119/17 |

ബഡ്സ് സ്കൂൾ നിർമിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 3.42 ആർ മാത്രമാണ്. ഈ സ്ഥലം ചതുപ്പ് നിലമാണ്. റോഡിൽനിന്ന് രണ്ട് മീറ്റർ താഴ്ചയിലാണ് സ്ഥലം സ്ഥിതി ചെയ്യുന്നത്. ആയതിനാൽ രണ്ട് മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമിച്ച് മണ്ണ് ഫില്ലിംഗ് ചെയ്യേണ്ടതുണ്ട്. ആദ്യ ഘട്ടം എന്ന

നിലയിൽ ഒരു മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമിച്ച് മണ്ണ് ഫില്ലിംഗ് ചെയ്യുന്നതിന് ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കി. ആകെ എസ്റ്റിമേറ്റ് തുക 9,00,000/- രൂപയാണ്. ഇതിൽ 6.6 ലക്ഷം രൂപ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും ബാക്കി 3.4 ലക്ഷം രൂപ മണ്ണ് ഫില്ലിംഗ് ചെയ്യുന്നതിനുമാണ്. എന്നാൽ ജനങ്ങളുടെ എതിർപ്പ് മൂലം നിലത്ത് മണ്ണ് ഫില്ലിംഗ് ചെയ്യാൻ കഴിഞ്ഞില്ല. ആയതിനാൽ റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി മണ്ണ് ഫില്ലിംഗ് ഒഴിവാക്കി ഒരു മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമിച്ചു. ഇതിനായി 5,66,566/- ചെലവഴിച്ചു.

കേവലം 3.42 ആർ സ്ഥലം ഒരുക്കിയിടുക്കുന്നതിന് മാത്രം ഏകദേശം 20.00 ലക്ഷം രൂപ ചെലവ് വരും. കൂടാതെ സ്ഥലം രണ്ട് മീറ്റർ താഴ്ചയുള്ള ചതുപ്പ് നിലമാണ്. ഇപ്രകാരമുള്ള സ്ഥലത്ത് ബഡ്സ് സ്കൂൾ നിർമിക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടില്ല. ആയതിനാൽ ഈ പ്രൊജക്ട് നടപ്പിലാക്കാൻ സാധിക്കുമോ എന്നത് പരിശോധിക്കേണ്ടതാണ്.

## 3-2 മുട്ടക്കോഴി വിതരണം വാറ്റ് -അപാകതകൾ

. 'വനിതകൾക്ക് മുട്ടക്കോഴി വിതരണം ' എന്ന പ്രോജക്ട് വെറ്റിനറി സർജനാണ് നിർവ്വഹിച്ചത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. So 9/17

പദ്ധതി ആടങ്കൽ – 39,0000/-

പദ്ധതി വിഹിതം – 250000

ഗുണഭോക്തൃ വിഹിതം – 140000

ചെലവ് –(1) 424410 (ബിൽ നം. 4/16-17/31.3.17, 329,000

ചെക്ക് നം. 045773/ 31.3.17 -47,705

(2) 47,705 – ചെക്ക് നം. 8594519/30.1.17

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തസ്വഭവ 11.1.16 പ്രകാരം 75% സബ്സിഡി, ഗുണഭോക്തൃവിഹിതം 25% നിരക്കിൽ ഒരു കോഴിക്കുഞ്ഞിന് 100/- രൂപയ്ക്ക് ഗുണഭോക്താവിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ കോഴി ഒന്നിന് 14.5% വാറ്റ് തുകയടക്കം 29.5 (ie 30) രൂപയാണ് ഗുണഭോക്താവിൽ നിന്ന് ഈടാക്കിയിരിക്കുന്നത്.

പ്രോജക്ട് അപാകതകൾ

1) 7 കോഴികളുള്ള 1 യൂണിറ്റിന് 700 രൂപ നിരക്കിലാണ് കോഴിയെ നൽകേണ്ടത്; എന്നാൽ ഗുണഭോക്താവിൽ നിന്ന് കോഴിക്കുഞ്ഞിന് 25/- രൂപ ഈടാക്കണമെന്നിരിക്കെ 40/- രൂപാ വീതമാണ് ഈടാക്കിയിരിക്കുന്നത് വിലയുടെ 75% സബ്സിഡിയായി നൽകുന്ന പ്രോജക്ടിൽ, ഗുണഭോക്താവിൽ നിന്ന് 15 രൂപ കൂടി (14.5) അധികമായി ഈടാക്കുന്നത് പ്രോജക്ടിന്റെ ലക്ഷ്യത്തിന് അനുപേക്ഷണീയമല്ല.

2)കോഴി വില്പനക്കാരന് 10 ലക്ഷം രൂപയിലധികം വിറ്റുവരവുണ്ടെങ്കിൽ 14.5% വാറ്റ് അടയ്ക്കേണ്ടതാണ്. വാറ്റ് ഈടാക്കേണ്ടത് ടിയാന് നൽകുന്ന ബിൽ തുകയിൽ നിന്നാണ്. എന്നാൽ അതിനു വിരുദ്ധമായി വില്പനക്കാരന്റെ അടവാക്കേണ്ട വാറ്റ്, ഗുണഭോക്താവിൽ നിന്ന് ഈടാക്കുകയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെയ്തത്. ഗുണഭോക്താവിന് പ്രോജക്ട് മാനദണ്ഡമനുസരിച്ചുള്ള സബ്സിഡി ആനുകൂല്യം ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

3) 3290 മുട്ടക്കോഴികളെ വാങ്ങിയതിന് 329000/- രൂപ വീതരണക്കാരന് നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളിൽ നിന്ന് അധികമായി ഈടാക്കിയ 47,705 (14.5x3290) പഞ്ചായത്ത് ഫണ്ടിൽ ഗുണഭോക്തൃ വിഹിതത്തോടൊപ്പം അടവാക്കിയിരുന്നു. ഈ തുക പഞ്ചായത്ത് സെക്രട്ടറി

K2007142554/31.3.17 ചലാൻ മുഖേന (ചെക്ക് നം. 045773/31.3.17)TIN No. 2150526748 ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതുകാടാതെ വെറ്റിനറി സർജന്റെ ആവശ്യപ്രകാരം 47,705/- രൂപ ചെക്ക്. നം. 8594519/30.01.17 പ്രകാരം വെറ്റിനറി സർജന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ഈ തുകയും വാറ്റ് അടവാക്കിയിട്ടുണ്ട്.
പഞ്ചായത്ത് നേരിട്ട് അടച്ചത് കൂടാതെ ഈ തുക വെറ്റിനറി സർജനും നൽകിയത് അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 9 നുള്ള മറുപടിയിൽ തുക തിരികെ ലഭിക്കുന്നതിന് മട്ടാഞ്ചേരി കോമേർസ്യൽ ടാക്സ് ഓഫീസർക്ക് കത്ത് നൽകിയതായി പറഞ്ഞിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭിക്കാത്തതിനാൽ, നഷ്ടം ഈടാക്കാനുള്ള നടപടികൾ കൈക്കോള്ളേണ്ടതാണ്.

## 3-3 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - ടെണ്ടർ നടപടി സംബന്ധിച്ച്.

പ്രോജക്ട് നം - 03/17

അടങ്കൽ - 1000000/-

വിഭാഗം - തനത്ഫണ്ട്

മേൽപ്പറഞ്ഞ പ്രോജക്ടിൽ തൻ വർഷം ചെലവ് ഉണ്ടായിട്ടില്ല.എന്നാൽ പ്രോജക്ട് പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കോൺട്രാക്ടറെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ – ടെണ്ടർ പാലിക്കണമെന്നിരിക്കെ (ജി.ഒ.(എം.എസ്) 13/2016 ഐ.ടി.ഡി.തീയ്യതി 12/05/2016) പ്രോജക്ട് നടത്തിപ്പിൽ ഇ – ടെണ്ടർ നടപടികൾ പാലിച്ചില്ല.

2) പ്രോജക്ട് നടത്തിപ്പിനായി 19/11/2016-ൽ ടെണ്ടർ നടത്തിയെങ്കിലും, ഒരാൾ മാത്രം ടെണ്ടറിൽ പങ്കെടുത്തതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനായി 15/12/2016 -ലെ (16(1)-ാം നമ്പർ) പഞ്ചായത്തു കമ്മിറ്റിയിൽ തീരുമാനിച്ചു. 22/12/2016-ലെ 5(1)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം, പുതിയ ടെണ്ടർ ക്ഷണിക്കുംവരെ നിലവിലെകോൺട്രാക്ടറുമായി സപ്ളിമെന്ററി എഗ്രിമെന്റ് വെയ്ക്കുവാനും തീരുമാനിച്ചു.18/03/2017-ൽ റീ - ടെണ്ടർ നടന്നെങ്കിലും രണ്ടുപേർ പങ്കെടുത്തതിൽ ശ്രീ. റ്റി.സി. സണ്ണിയുടെ EMD ചെക്ക് സെക്യൂരിറ്റി ത്രെഡ് കീറിപ്പോയി എന്ന കാരണത്താൽ പണമാക്കാൻ കഴിഞ്ഞില്ല, എന്ന് 28/03/2017-ൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.എന്നാൽ 26/03/2017-ൽ തന്നെ ശ്രീ.കെ.എസ്. മധുവിന്റെ ടെണ്ടർ അംഗീകരിച്ചതായി കത്ത് നൽകിയിട്ടുമുണ്ട്. ശ്രീ.സണ്ണിയുടെ മറുപടിക്ക് അവസരം നൽകാഞ്ഞതിന് കൃത്യമായ വിശദീകരണം നൽകിയില്ല.

3) ശ്രീ.മധു തന്നെയാണ് 16-17 ലും ഈ പ്രവർത്തി ചെയ്യുന്നത്. ശ്രീ.കെ.എസ്.മധു 22/11/2016 -ൽ നൽകിയ ഏക ടെണ്ടർ നിരസിച്ചിരുന്നുവെങ്കിലും പിന്നീട് ടിയാന്റെതന്നെ 24/3/2017-ലെ ഏക ടെണ്ടർ അംഗീകരിച്ചു.22/11/2016-ലെ നിരക്കുകളും,24/03/2017-ലെ നിരക്കുകളും താഴെ ചേർക്കുന്നു.

| ഇനം | യൂണിറ്റ്നിരക്ക് (22/11/2016) | യൂണിറ്റ് നിരക്ക് (24/03/2017) |
|---|---|---|
| ഡബിൾ ട്യൂബ് | 699 | 790 |
| സിംഗിൾ ട്യൂബ് | 525 | 590 |
| CFL 20/85 | 480/800 | 500/875 |

| | | |
|---|---|---|
| സോഡിയം പേപ്പർ ലാമ്പ് | 1600 | 1800 |

. 25.3.2017 ലെ പഞ്ചായത്ത് കമ്മിറ്റി ഒന്നാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ച് 26.3.17 ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് . എന്നാൽ ഏക ടെണ്ടറുകാരനായ ശ്രീ. മധു ആദ്യത്തെ ടെണ്ടറിൽ നിന്നും വ്യത്യസ്തമായി കൂടുതൽ നിരക്ക് ക്വോട്ട് ചെയ്യുകവഴി പഞ്ചായത്തിന് അധിക ചെലവ് വന്നു. 100 മുതൽ 200 രൂപ വരെ കൂടുതൽ കരാറുകാർ പങ്കെടുത്ത് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ലഭിക്കാനുള്ള അവസരം പാഴാക്കിയതിന് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻ നം.5) മറുപടിയിൽ, തെരുവ് വിളക്കുകൾ അനിവാര്യ ചുമതലയായതിനാൽ, പഞ്ചായത്ത് കമ്മറ്റിയുടെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ശ്രീ. മധുവിന് കരാർ നൽകിയതെന്ന് പറയുന്നു. എന്നാൽ ഇ-ടെണ്ടർ, മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ എന്നീ കാര്യങ്ങളിൽ വിശദീകരണം നൽകിയിട്ടില്ല.

. കണക്കുകൾ പ്രകാരം 1600 വിവധയിനം തെരുവ് വിളക്കുകൾക്കായി പ്രതിമാസം 245937/- രൂപയാണ് വൈദ്യുതി ചാർജ് പ്രതിവർഷം വർദ്ധിച്ചുവരുന്ന മേൽ ചെലവിന് കൃത്യമായ ടെണ്ടർ നടപടികളും, മത്സരസ്വഭാവമുള്ള ഇ-ടെണ്ടർ നടപടികളും കാര്യക്ഷമമായി കൈക്കൊള്ളേണ്ടതും, ചെലവ് നിയന്ത്രിതമാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 3-4 വെള്ളക്കരം ക്രമാതീതമായ ചെലവ്

ചെലവ് രേഖ  വൗച്ചർ നം.49/നവം.2016

ചെലവ്  19988/-

മേല്പറഞ്ഞ വൗച്ചർ പ്രകാരം ഗവ.എൽ.പി.സ്കൂൾ ചെങ്ങമനാടിന്റെ 9/2016,10/2016 മാസങ്ങളിലെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. കൺസ്യൂമർ നം.CH2/1332/നമ്പർ പ്രകാരം 8/2016ലെ ദ്വൈമാസ വാട്ടർ ചാർജ്ജ് 520/-രൂപ ആയിരുന്നു. കൂടാതെ 2678/-രൂപ അഡീഷനൽ ചാർജ്ജും അടവാക്കിയിട്ടുണ്ട്. എന്നാൽ 10/2016-ൽ ദ്വൈമാസ വാട്ടർ ചാർജ്ജ് 6272/-രൂപയും, അഡീഷനൽ ചാർജ്ജ് 11473/-രൂപയുമടക്കം 17745/-രൂപ അടവാക്കുകയുണ്ടായി. 8/2016-ലെ വാട്ടർ ചാർജ്ജ് 520/-രൂപയിൽ നിന്നും 10/2016-ൽ 6272/-രൂപയായും, അഡീഷനൽ ചാർജ്ജ് 2678/- രൂപയിൽ നിന്നും,11473/-രൂപയായും വർദ്ധിച്ചു. ഏതാണ്ട് 100 കുട്ടികൾ മാത്രം പഠിക്കുന്ന എൽ. പി സ്കൂളിൽ വലിയ തുക വെള്ള കരം ഒടുക്കേണ്ടി വന്നതിനെ കുറിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ പ്രവർത്തന രഹിതമായ പഴയ മീറ്റർ ഉപയോഗിച്ച കാലത്തെ കുടിശിക എന്ന വിശദീകരമാണ് ലഭിച്ചത്. എന്നാൽ പ്രവർത്തന രഹിതമായ കാലയളവ് /കുടിശ്ശിക കണക്കാക്കിയ രീതി എപ്രകാരമെന്ന് വ്യക്തമല്ല.

## 3-5 അംഗീകൃത ഗുണഭോക്തൃ പട്ടികകളിൽ നിന്നുള്ളവർ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാത്തത് സംബന്ധിച്ച്

. ചെങ്ങമനാട്ട് ഗ്രാമ പഞ്ചായത്തിൽ 2016/17 വർഷം അസി.സെക്രട്ടറി നടപ്പിലാക്കിയ, താഴെ പറയുന്ന പദ്ധതികളിൽ, ഗ്രാമ സഭ വഴി തെരഞ്ഞെടുക്കപ്പെട്ടതും, പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ചതുമായ ഗുണഭോക്തൃ പട്ടികകളിൽ ഉൾപ്പെട്ടവരിൽ ചെറിയൊരു ശതമാനം മാത്രമേ വിവിധ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളു. അപേക്ഷിച്ച ഗുണഭോക്താക്കൾക്കാകട്ടെ, പട്ടികയിലെ മുൻഗണനാക്രമം അനുസരിച്ചല്ല ആനുകൂല്യം നൽകിയിരിക്കുന്നത്. പ്രോജക്ട് തിരിച്ചുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നം. | അടങ്കൽ | ചെലവ് | ഗുണഭോക്തൃ പട്ടികയിലുള്ള വരുടെ എണ്ണം | തെരഞ്ഞെടുക്ക പ്പെട്ടവർ |
|---|---|---|---|---|---|
| 1 | S0043/17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 1000071/- | 400000/- (50000*8) | 46 | 8 (1,14,5,36,20, 17,46,42) |
| 2 | S18/17 മെറിറ്റോറിയസ് സ്കോളർഷിപ്പ് | 200000/- | 50000/- (25000*2) | 8 | 2 (6,8) |
| 3 | S20/17 ഗാർഹിക കുടിവെള്ള കണക്ഷൻ | 60000/- | 24000/- (6000*4) | 26 | 4(4,9,12,22) |
| 4 | S165/16 വിദ്യാർത്ഥികൾക്ക് പഠനോപകരണം | 200000/- | 100450/- | ലഭ്യമല്ല. | 35 (അൻപതു പേർക്കാണ്, ആനുകൂല്യം നൽകേണ്ടത്) |

. മുകളിൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽ, ഗുണഭോക്തൃ പട്ടികയിലുള്ളവർ ആനുകൂല്യത്തിന് അപേക്ഷ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ആനുകൂല്യം കൈപ്പറ്റാനുള്ള രേഖകൾ ഹാജരാക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ അപേക്ഷ നൽകാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ പട്ടിക, പുന:പരിശോധിക്കേണ്ടതും,പഞ്ചായത്തിന്റെ പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-6 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ-അപാകത

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം അസി.സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടാണ് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട്നം. | 165/16 |
| അടങ്കൽ | 200000/-(scp fund) |
| ചെലവ് | 100450/- |
| ചെലവ് രേഖ | ബിൽ.നം.10/16-17 തിയ്യതി 31/03/17 |

. 14/3/2017-ലെ A4-3276/16ദർഘാസ് പരസ്യ പ്രകാരം വാങ്ങൽ നടപടി നിർവ്വഹിച്ചപ്പോൾ പരസ്യത്തിൽ 50 മേശകളും, 50 കസേരകളും എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. യാതൊരു സ്പെസിഫിക്കേഷനും അതായത് മേശയുടെ വലുപ്പം, ഗുണം എന്നിവ പറഞ്ഞിരുന്നില്ല. യൂണിറ്റൊന്നിന് 2,870/-രൂപ വെച്ച് 35 ഗുണഭോക്താക്കൾക്കാണ് പഠനോപകരണങ്ങൾ (മേശയും,കസേരയും) നൽകിയത്. മുൻവർഷം ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നൽകി. 2015-16 വർഷം ഇതേ പ്രോജക്ടുതന്നെ അസി. സെക്രട്ടറി നിർവ്വഹിച്ചിരുന്നു.(പ്രോജക്ട്നം.S0066/16)പ്രസ്തുത പ്രോജക്ട് പ്രകാരം പഞ്ചായത്തിന് കീഴിലുള്ള യു.പി, എൽപി. സ്കൂളിലെ പ്രധാനാധ്യാപകൻ 50 കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകിയിരുന്നു. അന്ന് ആനുകല്യങ്ങൾ കൈപ്പറ്റിയ താഴെപ്പറയുന്ന കുട്ടികൾ 2016-17 -ലും വീണ്ടും ആനുകൂല്യങ്ങൾ കൈപ്പറ്റി.

വിശദവിവരം താഴെപ്പറയുന്നു

| ക്രമ നം. | കുട്ടിയുടെ പേര്/അഡ്രസ്സ് |
|---|---|

| | |
|---|---|
| 1 | വിദ്യ ചന്ദ്രൻ D/O റ്റി.കെ.ചന്ദ്രൻ,തവിടപ്പിള്ളി,നെടുവന്നൂർ |
| 2 | നന്ദന കെ.എസ്.D/0 ഷീജൻ കെ.എസ്. കാങ്ങിലാൻ,നെടുവന്നൂർ |
| 3 | അനാമിക വി.എസ്.D/Oസുധാകരൻ റ്റി.കെ.വയലാ ഹൗസ്,നെടുവന്നൂർ (UPS കപ്രാശ്ശേരി,രണ്ടാംതരം വിദ്യാർത്ഥി) |
| 4 | സഞ്ജയ് കെ.എസ്.,D/O സാജു കെ.കെ, കറുപ്പന്തറ,കപ്രാശ്ശേരി (UPS കപ്രാശ്ശേരി,ഒന്നാം തരം വിദ്യാർത്ഥി) |
| 5 | സായന്ത് സാബു , S/0 സാബു വി.കെ. കേളംപറമ്പ്,കപ്രാശ്ശേരി (UPS കപ്രാശ്ശേരി,മൂന്നാം തരം വിദ്യാർത്ഥി) |
| 6 | സുദേവ് സുബ്രഹ്മണ്യൻ, S/Oസുബ്രഹ്മണ്യൻ എ.വി.ആത്തപ്പള്ളി,നെടുവന്നൂർ (UPS കപ്രാശ്ശേരി,മൂന്നാം തരം വിദ്യാർത്ഥി) |
| 7 | സൂര്യ സുബ്രഹ്മണ്യൻ, D/Oസുബ്രഹ്മണ്യൻ എ.വി.ആത്തപ്പള്ളി,നെടുവന്നൂർ (UPS കപ്രാശ്ശേരി,അഞ്ചാം തരം വിദ്യാർത്ഥി) |

7/3/2017-ലെ 14-2 തീരുമാനമാണ് ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിരിക്കുന്നത്.ഗ്രാമ സഭ വഴി പഞ്ചായത്ത് കമ്മിറ്റിയിൽ വരുന്ന ഗുണഭോക്തൃ പട്ടികയിൽ, അർഹരായവർ തന്നെയാണോ ഉള്ളതെന്ന് കമ്മിറ്റിയും, നിർവ്വഹണോദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടിയിരുന്നു.

മേല്പറഞ്ഞ വിധത്തിൽ 2015-16 വർഷം ആനുകൂല്യങ്ങൾ കൈപ്പറ്റിയ വിദ്യാർത്ഥികൾക്കു തന്നെ 2016-17 വർഷവും ആനുകൂല്യങ്ങൾ നൽകിയതുവഴി പഞ്ചായത്തു ഫണ്ടിന് താഴെപ്പറയുന്ന വിധത്തിൽ അധിക ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---:|
| 7 ഡസ്കിന് 2450/-രൂപ പ്രകാരം | 17150 |
| 7 കസേരയ്ക്ക് 420/-രൂപ പ്രകാരം | 2940 |
| ആകെ | 20090 |

ഈ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് നൽകിയ മറുപടിയിൽ, സാമ്പത്തിക വർഷാവസാനം ധൃതഗതിയിൽ നടപ്പിലാക്കിയതിനാൽ ഗ്രാമസഭ വഴി നൽകിയ ഗുണഭോക്തൃ പട്ടികയിലുള്ളവർക്ക് നൽകുകയാണുണ്ടായത് എന്ന് പറയുന്നു.ഗുണഭോക്താക്കളെ അർഹതനോക്കി തിരഞ്ഞെടുക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ.500000/- രൂപയ്ക്കുള്ള മരുന്ന് വാങ്ങി അതിന്റെ വില ഔഷധിയിൽ നല്കലാണ് പ്രോജക്ട്.പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ടിന്റെനം. | S0034/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| അടങ്കൽ | 500000/-രൂപ |

| | |
|---|---|
| ചെലവ് രേഖ | ബിൽനം.1/16-17 തുക 500000/-തീ.24/11/2016 |

ഗവർമെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ.തീയ്യതി 12/3/2008 പ്രകാരം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽനിന്നും അലോപ്പതി/ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ സംരക്ഷണഗ്രാന്റ് റോഡിതര ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്. 2016-17 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് ആകെ ലഭിച്ചത് 1062839/-രൂപയാണ്. ഇതിന്റെ 10% എന്നത് 106284/-രൂപ മാത്രമാണ്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങാൻ ചെലവഴിച്ചതാകട്ടെ 500000/-രൂപയാണ്. പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 393716/-രൂപ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ കൂടുതലായി ചെലവഴിച്ചനടപടി ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരും, നിർവ്വഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് . ഇ.ബി | 3,4,10,11,14 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | | 10,00,000 | 0 | 10,00,000 |
| കെ.ഡബ്ലിയു. എ | പൈപ്പ് ലയിൻ ദീറഘിപ്പിക്കൽ | | 4,00,000 | 0 | 4,00,000 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| ആകെ | 1,46,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 2-4 | 150 | ജയചന്ദ്രൻ | 11601103986/8.12.16 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,25,93,487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,85,53,602 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 20090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | |
|---|---|---|

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | | 20090 | സി. വി ബിനുകുമാർ, അസ്സി. സെക്രട്ടറി |
| ആകെ | | 20090 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡി റ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി. വി ബിനുകുമാർ, അസ്സി. സെക്രട്ടറി | പള്ളിച്ചാൽ ഗ്രാപഞ്ചായത്ത് വെടിവച്ചകോവിൽ പി.ഒ, ബാലരാമപുരം. TVM.69550 | ദ്വൈമ, മന്നമൂല പേരൂർക്കട -5 തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 3 |
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94/09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2004-05 | എൽ.എഫ്.ഇ (പി.3) 941/10/ 18.08.2011/17.10.2011 | |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഇ (പി.3) 942/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |
| 2015-16 | കെ. എസ് . എ / ഇ.കെ.എം(പി 11) 1913/2016 dtd 7.12.2016 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി11)1876/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി :3.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P11)1876/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date :3.10.2017

Certified that I have audited the Annual Financial Statement of Chengamanad Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement ofChengamanad Grama Panchayat for the year 2016-17 properly presents the picture of income and expenditure.

.

Deputy Director